പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3556

12.05.2017 -ലെ മറുപടിയ്ക്ക്

## ഇതര സംസ്ഥാനത്തൊഴിലാളികളുടെ ഹോസ്റ്റലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ടി.പി.രാമകൃഷ്ണൻ ( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഇതര സംസ്ഥാനത്തൊഴിലാളികളുടെ താമസത്തിനായുള്ള ഹോസ്റ്റലുകൾ ആരംഭിച്ചിട്ടുണ്ടോ; | എ) ഹോസ്റ്റലിന്റെ നിർമ്മാണ നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കമോ; | ബി)തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നായ അപ്നഘർ പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയ നിർമ്മാണമാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഈ മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കു വേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) തൊഴിൽ വകുപ്പ് അറിഞ്ഞതും തൊഴിൽവകുപ്പിന്റെ അറിവുള്ളതുമായ സ്ഥലങ്ങൾ മാത്രം ഇവരുടെ താമസത്തിന് ഉപയോഗിക്കുമോ; | [സി & ഡി] ഉപയോഗിക്കാം. അവർക്കു വേണ്ടി സർക്കാർ നിർമ്മിച്ചു കൊടുക്കുന്ന താമസ സ്ഥലങ്ങൾ തൊഴിൽ വകുപ്പിന്റെ അറിവിലുള്ളതാകുന്നു. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട്-1996, ഇതര സംസ്ഥാന തൊഴിലാളി നിയമം-1979 എന്നീ ആക്ടുകളുടെ പരിധിയിൽ വരുന്നതായ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലത്ത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധന നടത്താൻ കഴിയും. എന്നാൽ കരാറുകാർ മുഖേന അല്ലാതെ സംസ്ഥാനത്ത് നേരിട്ട് തൊഴിൽ തേടിയെത്തുന്ന ഭൂരിഭാഗം തൊഴിലാളികളും തൊഴിൽ വകുപ്പിന്റെ അറിവിലില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നുണ്ട്. നിയമവിരുദ്ധമല്ലാത്തതിനാൽ അത്തരം |

| | |
|---|---|
| | സാഹചര്യങ്ങളെ ഒഴിവാക്കുവാൻ തൊഴിൽ വകുപ്പിന് സാധിക്കുന്നതല്ല. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നത് മൂലം ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് നിലവിൽ പഠനം നടത്തിയിട്ടില്ല. |
| ഡി) അനധികൃത താമസ സ്ഥലങ്ങൾ നിറുത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ; മദ്യവും മയക്കു മരുന്നുകളും ഉപയോഗിച്ച് ഇവർ ഉണ്ടാക്കുന്ന സാമൂഹിക പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

Sreekala

**സെക്ഷൻ ഓഫീസർ**